## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 542 28.09.2016-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗക്കാർക്ക് സ്റ്റീൽ ഓവറായ വീടുകൾ

**ചോദ്യം**

ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. വി. ടി. ബൽറാം

**മറുപടി**

ശ്രീ. എ. കെ. ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാർക്ക് സ്റ്റീൽ ഓവറായ വീടുകളുടെ നിർമ്മാണത്തിന് പദ്ധതി നടപ്പാക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളിൽ നാളിതുവരെയായി പണി പൂർത്തീകരിക്കാത്ത വീടുകളുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ശേഖരിക്കുകയും, വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പൂർത്തീകരണത്തിനും തുക അനുവദിച്ച് വരുകയും ചെയ്യുന്നു. കൂടാതെ 12 വർഷങ്ങൾക്ക് മുമ്പ് വീട് അനുവദിച്ചതും കാലപ്പഴക്കം കൊണ്ട് പുനരുദ്ധരിച്ച് ഉപയോഗിക്കാൻ കഴിയാത്തതുമായ വീടുകൾക്ക് പകരം മുൻഗണനാ ക്രമത്തിൽ പുതിയ വീടുകളും അനുവദിച്ച് വരുന്നു. 6 വർഷം കഴിഞ്ഞതും നിലവിൽ നിർമ്മാണം പൂർത്തിയാകാത്തതുമായ വീടുകൾ വാസയോഗ്യമാം വിധം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനായി പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ച് വരുന്നു. |
| സി) | പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വിശദമാക്കുമോ; | സി) | ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിനും, സ്പിൽ ഓവറിനും ഭവന പുനരുദ്ധാരണങ്ങൾക്കുമായി നടപ്പു സാമ്പത്തികവർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം എ.ടി.എസ്.പി ഭവന നിർമ്മാണ പദ്ധതിയ്ക്കുള്ള 1500 കോടിയിൽ നിന്നും നിർമ്മാണം ആരംഭിച്ച് സ്പിൽ ഓവർ ആയ ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണത്തിനും നടപ്പു സാമ്പത്തിക വർഷം തുക അനുവദിക്കുന്നതാണ്. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | ഡി) | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ചിട്ടുള്ള വീടുകളിൽ നല്ലൊരു ശതമാനം സ്പിൽ ഓവർ ആകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും, നടപ്പു സാമ്പത്തിക വർഷത്തെ നല്ലൊരു ശതമാനം തുകയും പണി പൂർത്തീകരിക്കാതെ ശേഷിച്ച വീടുകൾ വാസയോഗ്യമാക്കുന്നതിനും ഭവന പുനരുദ്ധാരണത്തിനുമായാണ് ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ